**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 506** **10-02-2025 - ൽ മറുപടിയ്ക്ക്**

**ധനകാര്യവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണിവിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, മാസ്ക്, തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യവകുപ്പ് പരിശോധനാവിഭാഗം നടത്തിയ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് ഉയർന്നു വന്ന ആരോപണങ്ങളെ കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (KMSCL) ൽ ആരംഭിച്ച പരിശോധന പൂർത്തിയായിട്ടുണ്ട്. പരിശോധനാ വേളയിൽ നൽകിയ അന്വേഷണകുറിപ്പുകൾക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (KMSCL) അധികൃതർ ലഭ്യമാക്കിയ മറുപടികളും പരിശോധനാ വേളയിൽ അന്വേഷണ സംഘം ശേഖരിച്ച വിവരങ്ങളും വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |
| (ബി) | പ്രസ്തുത അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് ഉയർന്നു വന്ന ആരോപണങ്ങളെ കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (KMSCL) ൽ ആരംഭിച്ച പരിശോധന പൂർത്തിയായിട്ടുണ്ട്. പരിശോധനാ വേളയിൽ നൽകിയ അന്വേഷണകുറിപ്പുകൾക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (KMSCL) അധികൃതർ ലഭ്യമാക്കിയ മറുപടികളും പരിശോധനാ വേളയിൽ അന്വേഷണ സംഘം ശേഖരിച്ച വിവരങ്ങളും വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |
| (സി) | അന്വേഷണം അനന്തമായി നീളുന്നത് അഴിമതി നടത്തിയവരെ സംരക്ഷിക്കുന്നതിനാണെന്ന | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ